# THE MALANKARA ORTHODOX SYRIAN CHURCH
## CATHOLICATE OF THE EAST

**Fr. Dr.Thomas Varghese Amayil** (Saji)
Priest Trustee
Catholicate Aramana,
Devalokam P.O., Kottayam 686 004

Mob: 9496231833
priesttrustee@mosc.in


03-09-2024

## മെഡിക്കൽ ഇൻഷ്വറൻസ്

പ്രിയപ്പെട്ട അച്ചാ,

വൈദികർക്ക് മെഡിക്കൽ ഇൻഷുറൻസിലൂടെ ലഭ്യമാകുന്ന കവറേജുകളും വ്യവസ്ഥകളും ഇതോടൊപ്പം അയയ്ക്കുന്നു. നാഷണൽ ഇൻഷുറൻസ് കമ്പനിയുടെ പോളിസി **SAFE WAY എന്ന TPA ആണ് ഈ വർഷം സർവ്വീസ് ചെയ്യുന്നത് (Contact No: Renjith: 9072556333).** കഴിഞ്ഞ പോളിസിയിൽ ലഭ്യമായ എല്ലാ സേവനങ്ങളും ഈ പോളിസിയിൽ തുടരുന്നതാണ്. വൈദികരുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുവാൻ ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്. ഇൻഷുറൻസ് പ്രീമിയം രണ്ടര കോടിയിൽ നിന്ന് മൂന്ന് കോടിയിലേക്ക് ഉയർന്നതുകൊണ്ടാണ് റൂം വാടകയുടെ വർദ്ധനവുൾപ്പെടെ പരിഗണിക്കാൻ കഴിയാതെ പോകുന്നത്. എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ഫാ.ഡോ. തോമസ് വർഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)

റോണി വർഗീസ് ഏബ്രഹാം
(അത്മായ ട്രസ്റ്റി)

അഡ്വ. ബിജു ഉമ്മൻ
(അസോസിയേഷൻ സെക്രട്ടറി)

## കവറേജുകളും വ്യവസ്ഥകളും

1 **Policy Name - Malankara Orthodox Syrian Church**
**Policy Number- 360700/50/24/10002641**
**Insurance Co - National Insurance, TPA- Safe Way**
02-09-2025വരെയാണ് പോളിസിയുടെ കാലാവധി.

2 ഇൻഷുറൻസ് തുക INR - 3,00,000/- വർഷം. വൈദികനും, ബസ്കിയോമയും, മൂന്ന് കുട്ടികളും ഇൻഷുറൻസ് പരിധിയിൽ

3 Non Medicals ഒഴിവാക്കി ഒന്നാം ദിവസം മുതൽ പൂർണ്ണ കവറേജ്

4 ഒന്നാം വർഷം മുതൽ 4 വർഷം വരെ നിലവിലുള്ള എല്ലാ രോഗങ്ങളും ഒന്നാം ദിവസം മുതൽ കവർ ചെയ്യുന്നു. 30 ദിവസത്തെ കാത്തിരിപ്പ് കാലയളവ് ഇല്ല.

5 അലോപ്പതി, ആയുർവേദ ചികിത്സ കവർ ചെയ്യുന്നു.

ആയുർവേദത്തിന് പരമാവധി തുക 25,000 രൂപയാണ്. ആയുഷ് ചികിത്സാ: ആയുഷ് ചികിത്സ ഗവൺമെന്റ് ഹോസ്പിറ്റൽ അല്ലെങ്കിൽ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള കൂടാതെ / അല്ലെങ്കിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ / നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ഹെൽത്ത് അംഗീകാരമുള്ള ഏതെങ്കിലും സ്ഥാപനം

**6** ആശുപത്രിയിൽ അഡ്മിറ്റായുള്ള ചികിത്സയ്ക്ക് മാത്രമാണ് പ്രയോജനം ലഭിക്കുക. മിനിമം 24 മണിക്കൂർ എങ്കിലും ഇൻപേഷ്യന്റ് ആയിരിക്കണം. എന്നാൽ തിമിര ശസ്ത്രക്രിയ, റേഡിയേഷൻ, കീമോതറാപ്പി എന്നിവയ്ക്ക് അഡ്മിഷൻ ആവശ്യമില്ല.

7 മെഡിക്കൽ ചെക്കപ്പിനായി മാത്രമുള്ള അഡ്മിഷൻ, ഒ.പി. ചികിത്സ എന്നിവയ്ക്ക് കവർ ഉണ്ടായിരിക്കുന്നതല്ല.

8 ആശുപത്രിയിൽ അഡ്മിറ്റാകുന്നതിന് 30 ദിവസം മുമ്പു വരെയും, ഡിസ്ചാർജായതിനു ശേഷം 60 ദിവസം വരെയും വരുന്ന ചികിത്സാ ചിലവുകൾ ക്ലെയിം ചെയ്യാവുന്നതാണ്.

ആശുപത്രി മുറിയ്ക്ക് പരമാവധി ദിവസ വാടക നേഴ്സിംഗ് ചാർജ് ഉൾപ്പെടെ 3000 രൂപ, ഐ.സി.യുവിന് 6000 രൂപ. **നിശ്ചിത തുകയിലധികം വാടകയുള്ള മുറിയിൽ താമസിച്ചാൽ പരമാവധി ദിവസ വാടകയ്ക്ക് ആനുപാതികമായേ വാടകയുൾപ്പടെയുള്ള മറ്റു ചിലവുകളും ലഭിക്കുകയുള്ളൂ.**

9 രോഗിയെ ആശുപത്രിയിൽ കൊണ്ടു വരുന്നതിനും തിരികെ കൊണ്ടു പോവുന്നതിനും ഉപയോഗിക്കുന്ന ആംബുലൻസിന്റെ വാടക ഇനത്തിൽ ഒരു തവണ പരമാവധി 750/- രൂപയും, പോളിസി കാലാവധിയിൽ പരമാവധി 1500 രൂപയും മാത്രമേ ലഭിക്കുകയുള്ളൂ.

10 പ്രസവത്തിനും, തിമിര ശസ്ത്രക്രിയക്കും പരമാവധി ലഭിക്കുന്ന തുക -

* സാധരണ പ്രസവത്തിന് 20,000/- രൂപയും, സിസേറിയന് 40,000/- രൂപയുമാണ് പരമാവധി.
നവജാതശിശു കവറേജ് ഇൻഷ്വർ ചെയ്ത ഫാമിലി ഫ്ളോട്ടർ തുകയിൽ ഒന്നാം ദിവസം മുതൽ നവ ജാത ശിശുവിന് പരിരക്ഷ ലഭിക്കും 10% of Sum Issured. ( പരമാവധി തുക 30,000 രൂപ ). കുട്ടിയെ പോളിസി യിൽ ചേർക്കുന്നതിനായി കുട്ടിയുടെ ബർത്ത് സർട്ടിഫിക്കറ്റിന്റെ കോപ്പി catholicateoffice@mosc.in എന്ന ഈ മെയിലേക്ക് അയ്ച്ചു തരേണ്ടതാണ്.

*തിമിര ശസ്ത്രക്രിയ്ക്ക് ഒരു കണ്ണിന് പരമാവധി തുക 30,000/- രൂപയാണ്.

11 സബ് ക്യാപ്പിംഗ് മോഡേൺ ട്രീറ്റ്മെന്റ് - ഇൻഷ്വർ ചെയ്ത തുകയുടെ 25% അല്ലെങ്കിൽ സ്റ്റാൻഡേർഡ് പരിധി അനുസരിച്ച്, ഏതാണ് കുറവ്.

12 മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷ നേരിട്ട് ലഭ്യമാകുന്ന ആശുപത്രികളുടെ പേരുവിവരങ്ങൾ **Safe Way** യുടെ വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.അടിയന്തിരഘട്ടങ്ങളിലൊഴികെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ആശുപത്രികളിൽ വേണം ചികിത്സ തേടാൻ.ടി ലിസ്റ്റിൽ ഉൾപ്പെട്ട ആശുപത്രികളിൽ ക്യാഷ്ലെസ് സൗകര്യം ലഭിക്കുന്നതാണ്.

13 ടി ലിസ്റ്റിൽ ഉൾപ്പെട്ട ആശുപത്രികളിൽ ചിതിത്സയ്ക്കായി അഡ്മിറ്റ് ആകുമ്പോൾ ഹെൽത്ത് കാർഡ് ആശുപത്രി അധികാരികൾക്ക് നൽകുകയും, ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഇതോടപ്പം തിരിച്ചറിയൽ കാർഡ്,പാൻകാർഡ്എന്നിവയുടെ കോപ്പി,ഫോട്ടോ എന്നിവആശുപത്രി അധികാരികൾ നിർദ്ദേശിക്കുന്ന മുറയ്ക്ക് നല്കേണ്ടതാണ്. ക്യാഷ്ലെസ് ക്ലെയിം സംബന്ധമായി ഏതെങ്കിലും തടസ്സം നേരിട്ടാൽ ആശുപത്രി അധികാരികൾ SAFE WAY യിൽ ബന്ധപ്പടുക. Contact No: Renjith: 9072556333.

14 ഹെൽത്ത് കാർഡ് എല്ലാ മെത്രാസന കേന്ദ്രങ്ങളിലേക്ക് അയ്ച്ചു നല്കുന്നതാണ്. വൈദികർ അവിടെ നിന്നും കൈപ്പറ്റേണ്ടതാണ്. E Card ആവശ്യമുള്ളവർ സഭയുടെ mosc.in വെബ് സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഒരോ ഫാമിലിയുടെയും EMP Code number അടിസ്ഥാനമാക്കിയാണ് E card വെബ് സൈറ്റിൽ Upload ചെയ്തിരിക്കുന്നത്. EMP Code number വൈദികർക്ക് അവർ പ്രതിനിധാനം ചെയ്യുന്ന മെത്രാസന തലത്തിലുള്ള ലിസ്റ്റ് mosc.in വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

15 കമ്പനിയുടെ പട്ടികയിൽ ഉൾപ്പെടാത്ത ആശുപത്രികളിൽ ചികിത്സ ആവശ്യമായി വന്നാൽ ക്ലെയിം ലഭിക്കുന്നതിനായി താഴെ പറയുന്ന രേഖകൾ നേരിട്ടു കമ്പനിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

1. ഇൻഷ്വറൻസ് കമ്പനിയുടെ ക്ലെയിംഫോം (പാർട്ട് എ -പൂർണ്ണമായും പൂരിപ്പിച്ച് ഒപ്പിട്ടതായിരിക്കണം. ആശുപത്രി അധികാരികളുടെ ഒപ്പും, സീലും ബന്ധപ്പെട്ട എല്ലാ രേഖകളിലും വയ്ക്കേണ്ടതുമാണ്.)
( ക്ലെയിം ഫോം സഭയുടെ mosc.in എന്ന വെബ്സൈറ്റിൽ ലഭിക്കും )

2 ഒറിജിനൽ ഡിസ്ചാർജ്ജ് സമ്മറി

3 ആശുപത്രിയിൽ നിന്നുള്ള ഒറിജിനൽ ഫൈനൽ ബിൽ, ബ്രേയ്ക്കപ്പ് ബിൽ

4 മരുന്നുകൾ, ലാബ് ടെസ്റ്റുകൾ,സ്കാൻ, ഇ.സി.ജി, എക്സറേ ആദിയായവയുടെ
ഒറിജിനൽ ബില്ലുകൾ/ രസീതുകൾ/ റിപ്പോർട്ട്/ ഫിലിം

5. രോഗിയുടെ തിരിച്ചറിയൽ കാർഡ്/പാൻകാർഡ് / ക്യാൻസൽ ചെയ്ത ചെക്ക് ലീഫ്എന്നിവയുടെ കോപ്പി

ഇത്തരത്തിൽ തയ്യാറാക്കുന്ന ക്ലെയിം പേപ്പറുകൾ താഴെ കാണുന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

The Vice President
Unicorn Insurance Brokers Pvt. Ltd.
1st Floor, 431 / 64 /2, LDA Estate,
Kewal Park Extension, G.T.Karnal Road,
Azadpur, Delhi -110033
Mob : 9818644944

16 വൈദികരുടെ ഭദ്രാസനതലത്തിലുള്ള മാറ്റം,മക്കളുടെ വിവാഹം, ഉദ്യോഗലബ്ധി, പോളിസിയുടെ കീഴിലുള്ള കുടുംബാംഗങ്ങളുടെ മരണം എന്നീ വിവരങ്ങൾ കാലവിളംബം ഇല്ലാതെ കാതോലിക്കേറ്റ് ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

Ph.0481-2578499- Extn-210 , Email Id-catholicateoffice@mosc.in